(എഫ്) ഇവരുടെ പ്രതിമാസ ശംബളം എത്രയാണ് ;

(ജി) പാർട്ട്ടൈം അദ്ധ്യാപകർക്ക് ഈ ആനുകൂല്യം നൽകുന്നുണ്ടോ ;

(എച്ച്) വിദ്യാഭ്യാസ വകുപ്പിലെ പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാർക്ക് ശംബള സ്കെയിൽ വീട്ടുവാടക അലവൻസ് പ്രോവിഡന്റ് ഫണ്ട്, മെഡിക്കൽ റീഇംപേഴ്സ്മെന്റ് എന്നീ ആനുകൂല്യങ്ങൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇല്ല.

(സി) റമ്യൂണറേഷനാണ് നൽകുന്നത്.

(ഡി) ഇല്ല.

(ഇ) നിലവിൽ വ്യവസ്ഥയില്ല.

(എഫ്) ജോലിയുടെ സ്വഭാവമനുസരിച്ച് പ്രതിഫലമായി 1250 രൂപ മുതൽ 1500 രൂപ വരെയും കാലാകാലങ്ങളിൽ അനുവദിക്കുന്ന ക്ഷാമബത്തയും നൽകി വരുന്നു.

(ജി) പാർട്ട്ടൈം അദ്ധ്യാപകർക്ക് നിശ്ചിത ശംബള സ്കെയിൽ ഉണ്ട്.

(എച്ച്) സംസ്ഥാനത്തിലെ എല്ലാ പാർട്ട്ടൈം ജീവനക്കാർക്കും കൂടി ബാധകമായ ഈ കാര്യം ധനകാര്യവകുപ്പാണ് പരിഗണിക്കേണ്ടത്.

എസ്.എസ്.എൽ.സി. ഡ്യൂപ്ലിക്കേറ്റ് ബുക്ക്

38(438) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റിന് അപേക്ഷ സമർപ്പിച്ച മൂന്നു വർഷം കഴിഞ്ഞിട്ടും ഡ്യൂപ്ലിക്കേറ്റ് ബുക്ക് ലഭിക്കാറില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കാനായി എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഇപ്രകാരം കാലതാമസമുണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) രണ്ടു വർഷത്തിൽ കൂടുതൽ പഴക്കമുള്ള എത്ര അപേക്ഷകളിൽ ഇനിയും ഡ്യൂപ്ലിക്കേറ്റ് ബുക്ക് അനുവദിക്കാനുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്.എസ്.എൽ.സി, കെ.ജി.റ്റി.ഇ. തുടങ്ങിയ പരീക്ഷകളുടെ നടത്തിപ്പിനുവേണ്ടി നിയമിച്ച താൽക്കാലിക ജീവനക്കാരുടെ സേവനവും ഉൾപ്പെടുത്തി ഏതാണ്ട് 3000 ത്തിലധികം ബുക്കുകൾ 6 മാസത്തിനുള്ളിൽ വിതരണം ചെയ്തു കഴിഞ്ഞു. കുടിശ്ശികയായിട്ടുള്ളവ എല്ലാ സെക്ഷനുകളിലേയും ജീവനക്കാരെക്കൊണ്ട് ഒരു ഇൻസെന്റീവ് നൽകി തീർപ്പാക്കുന്നതിനും വേണ്ടിയുള്ള പരീക്ഷ കമ്മീഷണറുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്.

(സി) പരീക്ഷാഭവനിൽ 29-ലധികം പ്രധാന പരീക്ഷകൾ സമയബന്ധിതമായി നടത്തുന്നുണ്ട്. അതിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മാത്രം അഞ്ചര ലക്ഷത്തിലധികം വിദ്യാർത്ഥികളും രണ്ടു തവണയായി നടത്തുന്ന കെ.ജി.റ്റി.ഇ. പരീക്ഷയ്ക്ക് അര ലക്ഷത്തിലധികം വിദ്യാർത്ഥികളും പരീക്ഷയ്ക്കിരിക്കുന്നുണ്ട്. ഈ പരീക്ഷകളെല്ലാം സമയബന്ധിതമായി നടത്തുന്നതിനാൽ ഇതിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് എല്ലാ ജീവനക്കാരുടെയും സേവനം അത്യാവശ്യമാണ്. ആയതിനാൽ ഈ സമയം ലഭിക്കുന്ന അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുവാൻ കാലതാമസം നേരിടുന്നു. പുതുതായി ലഭിക്കുന്ന അപേക്ഷകൾ അധികവും അപൂർണ്ണമായിരിക്കും. കൂടാതെ അപേക്ഷകരിൽ അധികവും ഒന്നിലധികം തവണ പരീക്ഷ എഴുതിയിട്ടുള്ളവരായതിനാൽ റെക്കാർഡുകൾ കണ്ടുപിടിച്ച് എഴുതുവാൻ കാലതാമസവും നേരിടാറുണ്ട്.

(ഡി) 3564 അപേക്ഷകർ

പൊതുവിദ്യാഭ്യാസ വകുപ്പിലെ പ്രൊമോഷൻ

39(439) ശ്രീ. മാത്തൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപകർക്ക് പ്രൊമോഷൻ സാദ്ധ്യത കുറവാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) പൊതുവിദ്യാഭ്യാസ വകുപ്പിൽ ലോവർ ഡിവിഷൻ ക്ലർക്ക് ആയി പ്രവേശിച്ച് 12 വർഷം കഴിഞ്ഞിട്ടുള്ളവർക്ക് പ്രമോഷൻ ലഭിച്ചിട്ടില്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly